**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5082** **02-11-2021 - ൽ മറുപടിയ്ക്ക്**

**പ്രകൃതിക്ഷോഭത്തിൽ കൃഷി നാശത്തിന് കർഷകർക്ക് നൽകുന്ന സഹായങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **Shri. P. Prasad**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | പ്രകൃതിക്ഷോഭത്തിൽ കൃഷി നശിച്ചുപോവുന്ന കർഷകർക്ക് നൽകിവരുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | പ്രകൃതിക്ഷോഭത്തിൽ കൃഷി നശിച്ച കർഷകർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള തുകയും, സംസ്ഥാന സർക്കാരിന്റെ അധിക ധനസഹായവും നഷ്ടപരിഹാരമായി നൽകുന്നു. കൂടാതെ പദ്ധതിയിൽ അംഗമായ കർഷകർക്ക് പരിഷ്ക്കരിച്ച വിള ഇൻഷ്വറൻസ് പദ്ധതി, കേന്ദ്രാവിഷ്കൃത വിള ഇൻഷ്വറൻസ് പദ്ധതികളായ പ്രധാനമന്ത്രി ഫസൽ ബീമാ യോജന, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ മുഖേന, പ്രസ്തുത പദ്ധതികളിൽ അംഗമായ കർഷകർക്ക് അർഹതയുള്ള ധനസഹായം സമയബന്ധിതമായി നൽകി വരുന്നുണ്ട്. |
| (ബി) | വിളകൾ ഇൻഷ്വർ ചെയ്യുന്നതിന് കൃഷിഭവനുകൾ കേന്ദ്രീകരിച്ച് സംവിധാനമുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം വിള ഇൻഷ്വർ ചെയ്യേണ്ടത് ഓൺലൈൻ സംവിധാനമായ AIMS Portal മുഖേനയാണ്. അതിനായി സ്വന്തമായോ, അക്ഷയ കേന്ദ്രങ്ങൾ മുഖേനയോ, മറ്റ് ഓൺലൈൻ സേവനങ്ങൾ ലഭ്യമാകുന്ന കേന്ദ്രങ്ങൾ മുഖേനയോ ചെയ്യേണ്ടതാണ്. അപ്രകാരം ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷകൾ കൃഷിഭവൻ ഉദ്യോഗസ്ഥൻ പരിശോധിച്ച് പദ്ധതിയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി നിശ്ചിത പ്രീമിയം സ്വീകരിച്ച് വിളകൾ ഇൻഷ്വർ ചെയ്ത് പോളിസി സർട്ടിഫിക്കറ്റുകൾ നൽകുന്നു. |

സെക്ഷൻ ഓഫീസർ